ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കുറെ നാളായി. കൃത്യമായി വർഷവും തീയ്യതിയും ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഇപ്പോൾ കുത്തകപ്പാട്ടം കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: കുത്തകപ്പാട്ടം രൂപനുസരിച്ചാണു്.

ശ്രീ. എം. ഐ. പോൾ: കുത്തകപ്പാട്ടപ്രകാരം പതിച്ചുകൊടുക്കുന്ന ഭൂമിയിലുള്ള വൃക്ഷങ്ങൾ അനുഭവിക്കുവാൻ പാട്ടക്കാരെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: സർക്കുലർ അനുസരിച്ചു് 12 ഇഞ്ചിൽ താഴെയുള്ള വൃക്ഷങ്ങൾ അവർക്കുതന്നെ എടുക്കാമെന്നാണു് വ്യവസ്ഥ. അതിൽ കൂടുതൽ വണ്ണമുള്ള വൃക്ഷങ്ങൾ ഗവൺമെന്റു് വെട്ടിമാറ്റുന്നതാണു്.

ശ്രീ. എം. ഐ. പോൾ: 12 ഇഞ്ചെന്നു പറയുന്നതു് എന്താണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു വൃക്ഷത്തിന്റെ വണ്ണമാണു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഇപ്പോൾ എവിടെയെങ്കിലും ഭൂമി പതിച്ചുകൊടുക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്. കൃഷിക്കു് ഏറ്റവും അത്യാവശ്യമായ വേമ്പനാട്ടുകായൽ ലേലംചെയ്തുകൊടുക്കാൻ ഗവൺമെന്റു് തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. വി. കെ. വേലായുധൻ: ഇൻഡ്യാഗവൺമെന്റിൽനിന്നും ഭൂവുടമയെ സംബന്ധിച്ചു് ഒരു നിയമമുണ്ടാക്കുവാൻ പോകുന്ന സ്ഥിതിക്കു് അതിനു മുമ്പായി ഇവിടത്തെ ഭൂനയം ക്രമപ്പെടുത്തുവാൻ ഗവൺമെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ കാര്യവും ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കയാണു്.

Sri. D. Gnanasigamony: May I know whether lands are granted under Kuthagapattom rules without limit of time ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ലിമിറ്റു് ഒഫ് ടൈം വയ്ക്കാതെ കൊടുക്കുന്നതായി എനിക്കറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പോൾ: മുപ്പതിഞ്ചിൽ കൂടുതൽ വണ്ണമുള്ള വൃക്ഷങ്ങൾ വെട്ടുന്നതു കുറേകൂടി ലഘുവല്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതേ.

അഞ്ചൽസിൽബന്ധികളുടെ ലോക്കൽ അലവൻസ്

*൯൩൨. (൪) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) രാത്രിമുഴുവൻ ജോലി ചെയ്യേണ്ടിവരുന്ന അഞ്ചലാപ്പീസുകളിലെ ജോലിക്കാർക്കു് ആ വകയ്ക്കായി ലോക്കൽ അലവൻസു കൊടുത്തിരുന്നോ;

(ബി) മേൽപ്പറഞ്ഞ അലവൻസു് നിറുത്തുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നുമുതല്ക്കാണു്;

(സി) അങ്ങിനെ നിറുത്തിയതു് എന്തുകൊണ്ടാണു്; നിറുത്തിയതുകൊണ്ടു് പ്രതിമാസം എന്തുതുക ലാഭമുണ്ടായി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര ഇവയുടെ സ്ഥലങ്ങളിലെ അഞ്ചലാപ്പീസുകളിൽ രാത്രിസമയം ജോലിചെയ്തുകൊണ്ടിരുന്നവർക്കു് ലോക്കൽ അലവൻസു് കൊടുത്തിരുന്നു.

(ബി) 1—4—1൯൪൨ മുതൽ ലോക്കൽ അലവൻസു നൽകിയിരുന്നതു നിറുത്തൽചെയ്തു.

(സി) 1൯൪൨ ജൂലായ് 1-ാംതീയതിയിലെ സർക്കുലറിലെ വ്യവസ്ഥകളനുസരിച്ചു് എല്ലാ അലവൻസുകളും നിറുത്തിയതോടുകൂടി ഇതും നിറുത്തലാക്കിയിട്ടുള്ളതാണു്. ഇതു നിറുത്തിയതുകൊണ്ടു് ൧൯൪ രൂപ പ്രതിമാസം ലാഭം ഉണ്ടായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: തിരുവനന്തപുരം, കൊട്ടാരക്കര, കൊല്ലം ഈ അഞ്ചലാപ്പീസുകളിൽ മുമ്പ് നടന്നതുപോലെ ഇപ്പോഴും രാത്രിയിൽ ജോലി നടക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ട്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അതിനുവേണ്ടി അവക്കിപ്പോൾ എന്തെങ്കിലും റിമ്യൂനറേഷൻ കൊടുക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. പി. നാണു: പോസ്റ്റാപ്പീസുകളിൽ അനുവദിച്ചിട്ടുള്ളമാതിരി ഞായറാഴ്ചദിവസം അഞ്ചൽ ജീവനക്കാർക്ക് അവധി നൽകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു ഇവിടത്തെ അഞ്ചൽസൂപ്രണ്ടും പോസ്റ്റ് മാസ്റ്റർ ജനറലും കൂടി തീരുമാനിക്കേണ്ട സംഗതിയാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: രാത്രിൽ ജോലിചെയ്യുന്നവർക്ക് പകൽ ഡ്യൂട്ടിയുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതുമാതിരി രാത്രിയിൽ ജോലിചെയ്യുന്ന മറ്റു അഞ്ചലാപ്പീസുകളും ഉള്ളതായി അറിയാമൊ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അറിയാം. അതു അതതുസ്ഥലങ്ങളിലെ ക്ലിയറൻസിനെ ആശ്രയിച്ചിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങിനെയാണെങ്കിൽ അവക്കുകൂടി അലവൻസു കൊടുക്കാത്തതു് എന്തുകൊണ്ടാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അനുവദിച്ചു സ്ഥലത്തുതന്നെയുള്ള അലവൻസു നിറുത്തിയിരിക്കയാണു്. പിന്നീട മറ്റു സ്ഥലത്തു കൊടുക്കാത്തതിനെക്കുറിച്ചു് പറയേണ്ട ആവശ്യമില്ലല്ലൊ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബാക്കി അഞ്ചലാപ്പീസുകളിലെങ്ങും രാത്രിയിൽ ജോലിചെയ്യുന്നില്ലെന്നാണോ പറയുന്നതു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: മുഴുവൻ ആപ്പീസുകളിലും ഇല്ല. രാത്രിയിൽ ജോലി ചെയ്യുന്ന ചില ആപ്പീസുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുമ്പോൾ അവക്കു യാത്രപ്പടി കൊടുക്കാറുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: നിലവിലിരിക്കുന്ന റൂളനുസരിച്ചു് കൊടുക്കുന്നുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ മൂന്നാഫീസുകളിൽ ഉള്ള ജോലിക്കാർ ദിവസം 20 മണിക്കൂറിലധികം ജോലിചെയ്യുന്നതായി സർക്കാരിനറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: 20 മണിക്കൂർ ജോലിചെയ്യുന്നുണ്ടോ എന്നറിഞ്ഞുകൂടാ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: അതുസംബന്ധിച്ചു് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പരാതി കിട്ടിയാൽതന്നെയും എജൻസിവ്യവസ്ഥയിൽ നടത്തുന്നതിനാൽ പണസംബന്ധമായ കാര്യങ്ങളും ഇൻഡ്യാഗവർമ്മെണ്ടിനോടു ആലോചിക്കാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലഞ്ഞിത്തു്: അലവൻസു നിറുത്തിയവരുടെ കൂട്ടത്തിൽ നൈറ്റ് ഡ്യൂട്ടിയുള്ളവർ ആകെ എത്രപേരാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: എജൻസിവ്യവസ്ഥയിൽ നടത്തുന്നതുകൊണ്ടു പരാതിയുള്ളവർക്കു പരാതിപ്പെടാൻ പാടില്ലെന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: പരാതിപ്പെടാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഗംഗാധരൻ നായർ: അഞ്ചൽ ജീവനക്കാരുടെ പരാതികൾ ഇൻഡ്യാഗവ മ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഈ ഗവമ്മെണ്ടിനു സാധിക്കയില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഈവക സംഗതികളെപ്പറ്റി ആലോചിച്ചു് വേണ്ടതു ചെയ്യുന്നതിനായി ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു ലയിസൻ ആഫീസറെ ഇവിടെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹവും ഇവിടത്തെ അഞ്ചൽസൂപ്രണ്ടുമായി ആലോചിച്ചു വിവരം ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചാൽ അവസാനതീരുമാനം അവർ ചെയ്യുന്നതാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ മൂന്നു അഞ്ചലാപ്പീസുകളിൽ ഷിഫ്റ്റനുസരിച്ചു് ജോലിചെയ്യിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്യുവാൻ സാധിക്കുമോ?

Mr. Speaker: That is developing an argument.

അഞ്ചൽവകുപ്പു സംഘടനം

*൯൩൩. (൩) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ വകുപ്പു് ഇൻഡ്യാഗവമ്മെണ്ടു് ഏറ്റെടുത്തു കഴിഞ്ഞോ;

(ബി) ഏറ്റെടുക്കുമ്പോൾ സേവിംഗ്സ് ബാങ്കു് ഡിപ്പോസിറ്റിനത്തിൽ ഈ ഗവമ്മെണ്ടിൽനിന്നും ഇൻഡ്യാഗവമ്മെണ്ടിനു കൊടുക്കേണ്ട സംഖ്യയെത്രയാണു്;

(സി) ഫൻ൪൯ അവസാനംവരെ ഡിപ്പോസിറ്റ് ഇനത്തിൽ അഞ്ചൽ ഡിപ്പോസിറ്റിനത്തിലുള്ള സംഖ്യയെത്രയാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഏപ്രിൽ 1-൦൩൯-മുതൽ ഏറ്റെടുത്തുകഴിഞ്ഞു.

(ബി) ഫൻ൪൦ ഏപ്രിൽ ൧-൦൩൯-മുതൽ എജൻസി അടിസ്ഥാനത്തിൽ ഈ ഗവമ്മെണ്ടു് അഞ്ചൽ ഡിപ്പാർട്ട്മെണ്ടു നടത്തുകയാണു്. സേവിംഗ്സ് ബാങ്കു് ഡിപ്പോസിറ്റ് ഇനത്തിൽ ഇൻഡ്യാഗവമ്മെണ്ടിനു് എന്തെങ്കിലും തുക പണമായി കൊടുക്കേണ്ടിവരുമെന്നു് പ്രതീക്ഷിക്കുന്നില്ല.

(സി) തിരുവിതാംകൂറിൽ ൩,൪൬,൯൭,൫൩൭ രൂപ. കൊച്ചിയിൽ ൩൫,൪൦,൦൦൦ രൂപ. ആകെ ൩ കോടി ൯൦ ലക്ഷത്തിൽപരം രൂപയാണു്.

ശ്രീ. പി. നാണു: ഏപ്രിൽ ൧-൦൩൯- ഡിപ്പോസിറ്റായി അഞ്ചൽ ഡിപ്പാർട്ട്മെന്റിലുള്ള സംഖ്യയുടെ ഉടമസ്ഥാവകാശം ഈ ഗവമ്മെൻറിനാണോ, ഇൻഡ്യാഗവമ്മെൻറിനാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇപ്പോൾ ഇരിക്കുന്ന നിലയിൽ നോക്കുമ്പോൾ ഈ ഗവമ്മെൻറിനാണു്, അതിന്റെ ചുമതല.

ശ്രീ. പി. നാണു: ഞാൻ ചുമതലയെപ്പറ്റിയല്ല ചോദിച്ചതു്, ഉടമസ്ഥാവകാശത്തെപ്പറ്റിയാണു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉടമസ്ഥാവകാശം പണം ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളവർക്കാണു്.

ശ്രീ. കെ. എ. മുഹമ്മദ്: പോസ്റ്റൽ ഉരുപ്പടികൾ അഞ്ചൽ പ്യൺസു വിതരണം ചെയ്യണമെന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ചില സ്ഥലങ്ങളിൽ അങ്ങനെ ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. പി. എം. വറുഗീസ്: അഞ്ചലാഫീസുകളിൽ എതെങ്കിലും കേടുപാടുകൾ നീക്കണമെന്നുണ്ടെങ്കിൽ അതിന്റെ ചുമതല ഈ ഗവമ്മെൻറിനാണോ?

മിസ്റ്റർ. സ്പീക്കർ: അതു കേവലം സങ്കല്പം അടിസ്ഥാനമാക്കിയുള്ള ചോദ്യമാണു്.

Sri. D. Gnanasigamony: May I know whether there is any time limit fixed for the termination of the wages basis?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അങ്ങനെയൊരു ലിമിറ്റും ഒന്നും ഇല്ല.

ശ്രീമതി. ദേവകിഗോപിദാസ്. അഞ്ചലാപ്പീസുകളിൽ പോസ്റ്റൽ ഉരുപ്പടികൾ എടുക്കുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly